(ഇ, എഫ്) ഇടുക്കിയുടെ സമഗ്ര ടൂറിസം വികസനത്തിനായി മൂന്നാറിൽ യാത്രിനിവാസ്, ഇടുക്കിയിൽ വഴിയോര വിശ്രമകേന്ദ്രം, അടിമാലിയിലെ വെള്ളച്ചാട്ട വികസനം, തൊമ്മൻകുത്തിൽ ഇക്കോടൂറിസം, വാഗമണ്ണിൽ ടൂറിസം കോംപ്ലക്സ്, തേക്കടിയിൽ ടൂറിസ്റ്റ് ഫെലിസിറ്റേഷൻ കം ഇൻറർപ്രെട്ടേഷൻ സെൻറർ, മൂന്നാറിൻെറ സൗന്ദര്യവൽക്കരണം, പളളിവാസൽ—ആറുകാട് റോഡിൻെറ പുനരുദ്ധാരണം, പെരിയാറിലേക്ക് പുതിയ ബോട്ടുകൾ തുടങ്ങിയ പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്.

കൂടുതൽ ഹൗസ് ബോട്ടുകൾ നിർമ്മിക്കുവാൻ നടപടി

97 [2086] ശ്രീ. റോഷി അഗസ്റ്റിൻ:

,, തോമസ് ചാഴികാടൻ:

,, കെ. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലടൂറിസം മേഖലയിൽ ടൂറിസ്റ്റുകൾ വർദ്ധിക്കുന്നതും ഹൗസ് ബോട്ടുകളുടെ സാദ്ധ്യതയേറി വരുന്നതും സർക്കാരിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് ടൂറിസം വികസന സമിതി പഠനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) സംസ്ഥാനത്തെ കായലുകളിൽ ടൂറിസത്തിൻെറ ഭാഗമായി ഹൗസ് ബോട്ടുകൾ ഉപയോഗിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(ഡി) ഹൗസ് ബോട്ടുകളിൽ യാത്രചെയ്യാനുള്ള വിദേശികളുടെ താൽപ്പര്യം കണക്കിലെടുത്ത് കൂടുതൽ ഹൗസ് ബോട്ടുകൾ നിർമ്മിക്കാനും അവ ടൂറിസത്തിന് ഉപയോഗിക്കാനും സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പഠനം നടത്തിയിട്ടില്ല.

(സി) ഉപയോഗിക്കുന്നുണ്ട്. അംഗീകൃതവും അല്ലാത്തതുമായ ഇരുന്നൂറോളം ഹൗസ്ബോട്ടുകൾ പ്രവർത്തിക്കുന്നുണ്ട്.

(ഡി) ഹൗസ്ബോട്ടുകളുടെ നിർമ്മാണം വാണിജ്യ സ്വഭാവമുള്ള ടൂറിസം പ്രവർത്തനമാണ്. സ്വകാര്യമേഖല ഈ സംരംഭത്തിൽ വേണ്ട വികസന പ്രവർത്തനം നടത്തിവരുന്നുണ്ട്. സർക്കാർ ഇത്തരം പ്രവർത്തനത്തിൽ മുതൽ മുടക്കാനുദ്ദേശിക്കുന്നില്ല.

കണ്ണൂർ ജില്ലയിലെ ബീച്ചുകളുടെ വികസനം

98 [2087] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ മുഴുപ്പിലങ്ങാട് ബീച്ച്, ധർമ്മടം തുരുത്ത്, മീൻകുന്ന് ബീച്ച് എന്നിവയുടെ വികസനത്തിനായി കേന്ദ്ര സഹായം അഭ്യർത്ഥിച്ചിട്ടുണ്ടോ; കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കേന്ദ്രത്തിൽ നിന്നും ഇത് സംബന്ധിച്ച് വിശദീകരണം എന്തെങ്കിലും ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(സി) പ്രസ്തുത മൂന്ന് വിനോദസഞ്ചാരകേന്ദ്രങ്ങളേയും ബന്ധപ്പെടുത്തി എന്തൊക്കെ വികസന പദ്ധതികൾക്കാണ് രൂപം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിലെ മുഴുപ്പിലങ്ങാട് ബീച്ച്, ധർമ്മടം തുരുത്ത്, മീൻകുന്ന് ബീച്ച് എന്നിവയുടെ വികസനത്തിനായി 2004-05-ൽ കേന്ദ്രസഹായത്തിനായി പദ്ധതി കേന്ദ്ര ടൂറിസം മന്ത്രാലയത്തിന് സമർപ്പിച്ചിരുന്നു. എന്നാൽ അതിന് അനുവാദം ലഭിച്ചില്ല. ഈ സാമ്പത്തികവർഷം ബീച്ച് സർക്യൂട്ട് പദ്ധതിയിൽ ഉൾപ്പെടുത്തി മീൻകുന്ന് ബീച്ചിനേറയും, മുഴുപ്പിലങ്ങാട് ബീച്ചിനേറയും സമഗ്രവികസനത്തിനായി പദ്ധതി കേന്ദ്ര ഗവൺമെൻറിന് സമർപ്പിച്ചിട്ടുണ്ട്. ഇതിന് താത്വികമായ അംഗീകാരം ലഭിക്കുകയും അതനുസരിച്ച് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരികയും ചെയ്യുന്നു.

(ബി) ഇല്ല.

(സി) മുഴുപ്പിലങ്ങാട് ബീച്ച് വികസനത്തിലുൾപ്പെടുത്തി പ്രധാനമായും താഴെപ്പറയുന്ന കാര്യങ്ങളാണ് ചെയ്യാനുദ്ദേശിക്കുന്നത്:

ബീച്ച് ഏരിയ വികസനവും നടപ്പാത നിർമ്മാണവും.

പാർക്കിംഗ് ഏരിയാ, വിശ്രമകേന്ദ്രങ്ങൾ, കഫറേറിയ പവിലിയൻ, ഗാലറി, സ്ഥലനാമ ബോർഡുകൾ, ലാൻറ്സ്കേപ്പിംഗ് എന്നിവ.

മീൻകുന്ന് ബീച്ച് വികസനവുമായി ബന്ധപ്പെട്ട് പ്രധാനമായും ചെയ്യാനുദ്ദേശിക്കുന്ന കാര്യങ്ങൾ താഴെപ്പറയുന്നു:

ബീച്ച് ഏരിയാ വികസനം, നടപ്പാത നിർമ്മാണം, ഗേറ്റ് സ്ഥാപിക്കൽ, ടോയ്ലറ്റ് ബ്ലോക്ക്, കഫറേറിയ നിർമ്മാണം എന്നിവയാണ്.

മലബാർ ദേവസ്വം ബോർഡ് രൂപീകരണം

99 [2088] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം ബോർഡ് രൂപീകരണത്തിനുവേണ്ടി സർക്കാർ എന്തെങ്കിലും കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത കമ്മിറ്റി നാളിതുവരെ എത്ര തവണ യോഗം ചേർന്നിട്ടുണ്ട്;

(സി) മലബാർ ദേവസ്വം ബോർഡ് രൂപീകരണത്തിൽ സർക്കാർ നയം എന്താണെന്ന് വെളിപ്പെടുത്തുമോ;

(ഡി) മലബാർ ദേവസ്വം ബോർഡിൻെറ കീഴിൽ വരുന്ന ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ ശമ്പളപരിഷ്കരണം സംബന്ധിച്ച് സർക്കാർ നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ;

(ഇ) തിരുവിതാംകൂർ ദേവസ്വം ബോർഡ് മാതൃകയിൽ ബോർഡ് രൂപീകരിക്കാനും അവിടുത്തെ ജീവനക്കാർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ നൽകാനും സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly